ചേലക്കര കൃഷി ഫാം, പരക്കാട് ജില്ലാ കൃഷിത്തോട്ടം, പഴയന്നൂർ ജില്ലാ സീഡ് ഫാം എന്നിവിടങ്ങളിലെ കൃഷി ഭൂമി

130 (7427) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽപ്പെട്ട ചേലക്കര കൃഷിഫാം, പരക്കാട് ജില്ലാ കൃഷിത്തോട്ടം, പഴയന്നൂർ ജില്ലാ സീഡ് ഫാം എന്നിവിടങ്ങളിൽ എത്ര ഭൂമിയുണ്ട്; അവിടെ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾക്കൊപ്പം പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്രയും ഭൂമി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ നിലവിലുള്ള പ്രവർത്തനങ്ങൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനും പുതിയ പദ്ധതികൾ ആരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചേലക്കര ജില്ലാ ഫാം - 45 ഹെക്ടർ

പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാം - 15.76 ഹെക്ടർ

ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ തെങ്ങിൻ തൈ ഉല്പാദനം, വേരു പിടിപ്പിച്ച കുരുമുളക് തൈകളുടെ ഉല്പാദനം, പച്ചക്കറി വിത്തുകളുടെയും തൈകളുടെയും ഉല്പദനം, ഫലവൃക്ഷത്തൈ ഉല്പാദനം (മാവ്, പ്ലാവ്, വാഴ), ടിഷ്യൂ കൾച്ചർ വാഴ ഹാർഡനിംഗ്, മഞ്ഞൾ, ഇഞ്ചി വിത്തുല്പാദനം, മത്സ്യകൃഷി, തേൻ ഉല്പാദനം, നിലവിലുള്ള വൃക്ഷവിളകൾ പ്രോജനിത്തോട്ടങ്ങൾ എന്നിവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു.

പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാമിൽ നെൽവിത്തുല്പാദനം, പച്ചക്കറി വിത്തുല്പാദനം, തെങ്ങിൻ തൈ ഉല്പാദനം, കുരുമുളക് വള്ളികളുടെ ഉല്പാദനം, വാഴ, ഇഞ്ചി, മഞ്ഞൾ, കശുമാവ് തൈകൾ, ചേന, ചേമ്പ്, മരച്ചീനി, കുറ്റിമുല്ല എന്നിവയുടെ ഉല്പാദനവും തെങ്ങിൻ തോട്ടത്തിന്റെ സംരക്ഷണവും നടന്നുവരുന്നു.

(ബി) ചേലക്കര ജില്ലാ കൃഷിത്തോട്ടത്തില പഴം സംസ്കരണ യൂണിറ്റ് ആരംഭിച്ചു. നെൽകൃഷി പുനരാരംഭിക്കുന്നതിന് നടപടി കൈക്കൊണ്ടു. പശുവളർത്തലിനായി തൊഴുത്തുനിർമ്മാണം പൂർത്തീകരിച്ചു. പോളീഹൗസ്, ഷേഡ് ഹൗസ് എന്നിവയുടെ നിർമ്മാണ നടപടികൾ ആരംഭിച്ചു. ചെയിൻലിങ്ക്ഡ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് നടപടികളായി. പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാമിൽ പോളീഹൗസ്, ഗ്രീൻ ഹൗസ് ഹൈടെക് പച്ചക്കറി കൃഷി എന്നിവയ്ക്ക് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. കൂടാതെ കോക്കനട്ട് ബയോപാർക്ക് ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ഹൈടെക് കൃഷി, കൃത്യതാ കൃഷി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഡ്രിപ്പ് ജലസേചന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാമിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഗുണമേന്മയുള്ള വിത്തുകളുടെയും തൈകളുടെയും ഉല്പാദനത്തിനായി നൂതന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഫാമിൽ ഉല്പാദിപ്പിക്കുന്ന വിത്തുകളും തൈകളും ഉപയോഗിച്ച് കൃഷി ചെയ്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായവിലയ്ക്ക് കൃഷിക്കാർക്കും മറ്റും ലഭ്യമാകുന്നതിന് പുതിയ പദ്ധതികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

ഫാമിൽ കൃഷി വകുപ്പിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷിക്കാർക്ക് പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു.

മിഷൻ 676 പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതി

131 (7428) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി-പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോടിന്റെ ആഴംകൂട്ടി, കെട്ടിസംരക്ഷിക്കുന്ന പദ്ധതിക്ക് മിഷൻ 676-ൽ ഉൾപ്പെടുത്തി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ പദ്ധതികളെല്ലാം ഭൂരിഭാഗവും സംസ്ഥാന അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഇതിൽ വിളയുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ, കാർഷിക വിജ്ഞാന വ്യാപന പദ്ധതികൾ, ഉല്പന്ന സംഭരണം, വിപണനം, സംസ്കരണം എന്നിവ ഉൾപ്പെടുന്നു. ഇവയെല്ലാംതന്നെ സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പാക്കിവരുന്നു.

(ബി) നിലവിൽ ഈ നിർദ്ദേശം മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly